# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3428** **20-06-2018-ൽ മറുപടിക്ക്**

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഐ.റ്റി. വ്യവസായത്തിന് വേണ്ട കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും കരാർ പ്രകാരമുള്ള സമയത്ത് തന്നെ പൂർത്തിയാക്കുന്നതിന് നിലവിലെ നിർമ്മാണ പുരോഗതി പ്രകാരം സാധിക്കുമെന്ന് കരുതുന്നുണ്ടോ; | എ) | ആദ്യ ഘട്ടത്തിൽ നിർമ്മിച്ച 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി കെട്ടിടത്തിൽ 30-ൽ പരം ഐ.ടി കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഐ.ടി വിഭാഗം നിർമ്മാണ പ്രവർത്തനങ്ങൾ ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം പുരോഗമിക്കുന്നു. ഏകദേശം 55 ലക്ഷം ച.അടി വിസ്താരമുള്ള ഐ.ടി മന്ദിരങ്ങളുടെ നിർമ്മാണം പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 2020-21 കാലയളവിൽ ഈ കെട്ടിടങ്ങൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കപ്പെടുന്നതാണ്. 30 ഏക്കർ സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങളായ 7 കി.മീ 4 വരിപ്പാത, സർവ്വീസ് ട്രെഞ്ചുകൾ, കാനകൾ പാലം, വൈദ്യുതി, വെള്ളം എന്നിവയുടെ ആദ്യഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സബ് സ്റ്റേഷൻ, ഊർജ്ജ വിതരണ ശൃംഖല തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. റിയൽ എസ്റ്റേറ്റ് രംഗത്തും, ഐ.ടി രംഗത്തുമുള്ള മാന്ദ്യത, റസിഡൻഷ്യൽ ടൗൺഷിപ്പ് വിഭാഗത്തിൽ നിക്ഷേപം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും 3000 വിദ്യാർത്ഥികളെ ഉൾക്കൊള്ളാവുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനം ആഗസ്റ്റിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | കരാർ പ്രകാരം എത്ര തൊഴിലവസരങ്ങളാണ് ഉണ്ടാക്കേണ്ടത്; | ബി) | ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം 90000-ൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. നിർമ്മാണം പൂർത്തീകരിക്കപ്പെട്ട കെട്ടിടമുൾപ്പെടെ നിർമ്മാണത്തിലിരിക്കുന്ന 61 ലക്ഷം ച.അടി കെട്ടിടങ്ങൾ കൂടി പൂർത്തീകരിക്കുമ്പോൾ 2020-21 കാലഘട്ടത്തിൽ 60,000 - 65,000 പേർക്ക് തൊഴിലവസരങ്ങൾ നല്കാൻ സാധിക്കും. |
| സി) | സ്മാർട്ട് സിറ്റിയിൽ ഐ.റ്റി. കെട്ടിടങ്ങളിൽ സ്ഥലം ഏറ്റെടുക്കുവാൻ കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം സ്ഥലമാണ് ഇതിനകം കമ്പനികൾ ഏറ്റെടുത്തത് എന്ന് വ്യക്തമാക്കുമോ? | സി) | നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 6.5 ലക്ഷം ച.അടിയുടെ കെട്ടിടത്തിൽ ഏകദേശം 80% സ്ഥലത്ത് 30-ൽ പരം ഐ.ടി കമ്പനികൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ